(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) അരി വിതരണം നടക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ കെട്ടിടവാടക

116 [668] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ കെട്ടിടവാടക സർക്കാർ കൃത്യമായി നൽകിവരുന്നുണ്ടോ;

(ബി) കുന്ദമംഗലം മണ്ഡലത്തിലെ പയ്യടിമേത്തൽ ജി. എൽ. പി. എസ്.-ന്റെ കെട്ടിടവാടക ഏതുമാസം വരെയുള്ളതാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) വാടക കുടിശ്ശിക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക എന്ന് കൊടുത്തുതീർക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാടക നൽകിവരുന്നുണ്ട്.

(ബി) 30-6-2000-വരെ നൽകിയിട്ടുണ്ട്.

(സി) ആവശ്യമുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് നൽകാത്തത്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കഴിവതും പെട്ടെന്ന് കൊടുത്തുതീർക്കും.

വിദ്യാഭ്യാസ ഓഫീസുകളിലെ എ. ഡി. ബി. സന്ദർശനം

117 [669] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ ഓഫീസുകളിൽ പരിശോധനയ്ക്ക് എത്തുകയോ അവിടുത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ ഓഫീസുകളിലാണ് ഇത്തരം പരിശോധനകളും ചർച്ചകളും നടത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിശോധനാവിഷയം എന്തായിരുന്നു;

(ഡി) ആരുടെ ഉത്തരവനുസരിച്ചാണ് എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ ഈ ഓഫീസുകൾ സന്ദർശിച്ചത്;

(ഇ) ഏതെല്ലാം ഉദ്യോഗസ്ഥരാണ് ഓഫീസുകൾ സന്ദർശിച്ചത്;

(എഫ്) ഇതിൽ പ്രതിഷേധിച്ചവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉണ്ട്. എ. ഡി. ബി. ഉദ്യോഗസ്ഥൻമാർ വിദ്യാഭ്യാസ ഡയറക്ടറേറ്റ് സന്ദർശിക്കുകയും അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നീ ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പരിശോധന നടത്തിയിട്ടില്ല. വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഓഫീസുകൾ ഒന്നുംതന്നെ സന്ദർശിക്കുകയോ ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല.

(സി) പരിശോധന നടന്നിട്ടില്ല. ഭരണ നവീകരണ പരിപാടിയുമായി ബന്ധപ്പെട്ട വിഷയമായിരുന്നു ചർച്ച ചെയ്തത്.

(ഡി) ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്തുമുഖേനയാണ് സന്ദർശന വിവരം അറിയിച്ചത്

(ഇ) ഡോ. വാൾട്ടർ എ. എം. കൊൺക്കാമ, പ്രൊ. മഹേഷ്, സി. പുരോഗിത്.

(എഫ്) വിദ്യാഭ്യാസ വകുപ്പ് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

118 [670] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകേണ്ടത് എൻ. സി. റ്റി. ഇ. ആണോ അതോ സംസ്ഥാന സർക്കാരാണോ അതോ ഇവ രണ്ടും ചേർന്നാണോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly